LIBRARY ARCHIVES Kerala Legislative Assembly

മാതൃകാ അംഗൻവാടി

296 (1770) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറക്കടവ് പഞ്ചായത്തിലെ വാർഡ് മൂന്നിൽ പ്രവർത്തിക്കുന്ന 47-ാം നമ്പർ അംഗൻവാടിയെ മാതൃകാ അംഗൻവാടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 6-2-2014-ൽ സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വിശദമാക്കാമോ?

ഉത്തരം

(എ&ബി) അങ്കമാലി നിയോജകമണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിലെ 47-ാം നമ്പർ അംഗൻവാടിയെ മാതൃകാ അംഗൻവാടിയാക്കി ഉയർത്തുന്നതിന് ഭരണാനുമതി നൽകുകയും ടി കെട്ടിട നിർമ്മാണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വൃദ്ധർ, കുട്ടികൾ എന്നിവരുടെ സുരക്ഷയും പുനരധിവാസവും

297 (1771) ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റയിൽവേ സ്റ്റേഷനുകൾ, ബസ് ഷെൽറ്ററുകൾ, റോഡ് പുറമ്പോക്കുകൾ എന്നിവിടങ്ങളിൽ കഴിഞ്ഞുകൂടുന്ന വൃദ്ധർ, കുട്ടികൾ എന്നിവരുടെ സുരക്ഷയും പുനരധിവാസവും സംബന്ധിച്ച് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ആളുകളെ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; എങ്കിൽ ശേഖരിച്ച വിവരം നല്കുമോ;

(സി) ഇവരെ ബന്ധുക്കളെ ഏൽപ്പിക്കുന്നതിനോ സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിനോ ഇന്ന് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ, റോഡ് പുറമ്പോക്കുകൾ എന്നിവിടങ്ങളിൽ കഴിഞ്ഞുകൂടുന്ന വൃദ്ധർക്കും കുട്ടികൾക്കും പ്രത്യേക പുനരധിവാസ സംവിധാനങ്ങളില്ല. എന്നാൽ സംസ്ഥാനത്ത് 16 ഗവൺമെന്റ് വൃദ്ധസദനങ്ങളും മാർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള 532 വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. കുട്ടികളുടെ സംരക്ഷണത്തിനായി സംസ്ഥാനത്ത് കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരം എന്നീ ജില്ലകളിൽ മൂന്ന് ഓപ്പൺ ഷെൽട്ടർ ഹോമുകൾ സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടെ പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത വൃദ്ധരെയും കുട്ടികളെയും സംബന്ധിച്ച വിവരം ശേഖരിക്കുന്നതിന് നിലവിൽ സംവിധാനം ഇല്ല.

(സി) റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ, റോഡ് പുറമ്പോക്കുകൾ എന്നിവിടങ്ങളിൽ കഴിഞ്ഞുകൂടുന്ന വൃദ്ധരെക്കുറിച്ച് വിവരങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാറുള്ളപ്പോൾ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖാന്തരം വൃദ്ധസദനങ്ങളിൽ താൽക്കാലികമായി പുനരധിവസിപ്പിക്കുകയും ബന്ധുക്കളുണ്ടെങ്കിൽ അവരെ ഇക്കാര്യം അറിയിച്ച് ഏൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ട്. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട കുട്ടികളെ ബന്ധപ്പെട്ട ജില്ലയിലെ ചൈൽഡ് വെൽഫയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും (പോലീസ്/ചൈൽഡ് ലൈൻ വഴി) അന്വേഷണം നടത്തി ബന്ധുക്കളോ മാതാപിതാക്കളോ ഉണ്ടെങ്കിൽ ഇവരെ സ്വീകരിക്കാൻ തയ്യാറാണെങ്കിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി ആയതിന് അനുമതി നൽകുന്നതാണ്. മാതാപിതാക്കളോ ബന്ധുക്കളോ ഇല്ലാത്തതോ ഇവർ സ്വീകരിക്കാൻ തയ്യാറാവാത്തതോ ആയ സാഹചര്യത്തിൽ അത്തരം കുട്ടികളെ ഫോസ്റ്റർ കെയറിനോ അഡോപ്ഷനോ നൽകുന്നതിനായി ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് അനുമതി നൽകുന്നു. മേൽപ്പറഞ്ഞ രണ്ടുതരത്തിലും കുട്ടികളെ പുനരധിവസിപ്പിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അവസാന ആശ്രയം എന്ന നിലയിൽ കുട്ടികളെ ചൈൽഡ് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനുകളിൽ സംരക്ഷിച്ച് പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നു.

മാതാപിതാക്കൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

298 (1772) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;